പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 730 | 11.03.2015- ൽ മറുപടി നല്കേണ്ടത്. |
| --- | --- |

## കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്ക് പുതിയ കെട്ടിടസമുച്ചയം

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ജീർണ്ണിച്ചതും പഴകിയതും ചിതറിക്കിടക്കുന്നതു മായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഒരു പുതിയ കെട്ടിടസമുച്ചയത്തിൻ കീഴിലാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | കൊരട്ടി ഗാന്ധി ഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ വാർഡുകൾ ടി സ്ഥാപനത്തിന്റെ 110 ഏക്കറോളം വരുന്ന സ്ഥലത്ത് വിവിധ ഭാഗങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ജീർണ്ണിച്ചതും ചിതറിക്കിടക്കുന്നതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനാവശ്യമായ 3.50 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്. |
| ബി) | പ്രസ്തുത ആശുപത്രി വക 100 ഏക്കറിലധികം വരുന്ന സ്ഥലത്ത് ആരോഗ്യമേഖലയിലെ ഒരു പ്രധാന പ്പെട്ട കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി | കൊരട്ടി ഗാന്ധി ഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലേക്ക് ജി.ഒ (ആർ.ടി) നമ്പർ. 2140/2014/എച്ച് & എഫ്.ഡബ്ല്യ.ഡി/തീയതി, 28/06/2014 പ്രകാരം 500 ലക്ഷം രൂപയ്ക്ക് ആരോഗ്യ വകുപ്പിന്റെ മനുഷ്യ വിഭവശേഷി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് പി.ഡബ്ല്യൂ.ഡി യുടെ സാങ്കേതിക അനുമതി ലഭിക്കുകയും പി.ഡബ്ല്യൂ.ഡി മുഖേന ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ